പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2938 **29-10-2026-ൽ മറുപടിയ്ക്ക്**

<u>ദേശീയപാത നിർമ്മാണമേഖലയിലെ രാത്രിസുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. കെ. എം. അഭിജിത്ത്

ശ്രീമതി കെ. കെ. രമ

ശ്രീ. രമേഷ് പിഷാരടി

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) കേരളത്തിൽ നിർമാണപ്രവർത്തനങ്ങൾ നടന്നുവരുന്ന ദേശീയപാതകളിൽ രാത്രികാലങ്ങളിൽ മതിയായ സുരക്ഷാവേലികൾ, അപകട മുന്നറിയിപ്പ് ബോർഡുകൾ, റിഫ്ലക്ടറുകൾ, മുന്നറിയിപ്പ് ലൈറ്റുകൾ എന്നിവ സ്ഥാപിക്കാത്തതുമൂലം റോഡപകടങ്ങളും മരണങ്ങളും സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

<u>മറുപടി:</u> ദേശീയപാത നിർമ്മാണ മേഖലകളിൽ സുരക്ഷ സംവിധാനങ്ങളുടെ അപര്യാപ്തത മൂലമുണ്ടായ അപകടങ്ങളുടെയും മരണങ്ങളുടെയും ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം-എ (Annexure-A) ആയി ചേർത്തിരിക്കുന്നു.

(ബി) ദേശീയപാത നിർമാണ മേഖലകളിൽ സുരക്ഷാ സംവിധാനങ്ങളുടെ അപര്യാപ്തത മൂലമുണ്ടായ അപകടങ്ങളുടെയും മരണങ്ങളുടെയും എണ്ണം സംബന്ധിച്ച വിവരങ്ങൾ സർക്കാരിന്റെ പക്കലുണ്ടോ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാണോ;

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

(സി) നിർമാണ മേഖലകളിൽ കരാറുകാരും ദേശീയപാത അതോറിറ്റിയും പാലിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഇവ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ പരിശോധനകൾ നടത്തിവരുന്നുണ്ടോ; വ്യക്തമാക്കാമോ;

<u>മറുപടി:</u> നിർമ്മാണ മേഖലകളിലൂടെയുള്ള സുരക്ഷിതമായ വാഹനഗതാഗതം സുഗമമാക്കുന്നതിന് സുരക്ഷാ നടപടികൾ നടപ്പിലാക്കുന്നുണ്ട്. അനുയോജ്യമായ ട്രാഫിക് ഡൈവേർഷൻ ക്രമീകരണങ്ങൾ, മുന്നറിയിപ്പ്-ദിശാ ബോർഡുകൾ സ്ഥാപിക്കൽ, ബാരിക്കേഡുകളും റിഫ്ലെക്റ്റീവ് ഉപകരണങ്ങളും സ്ഥാപിക്കൽ, ആവശ്യമായ സ്ഥലങ്ങളിൽ സുരക്ഷാ ഉദ്യോഗസ്ഥരെ വിന്യസിക്കൽ, നിർദ്ദിഷ്ട ഗതാഗത നിയന്ത്രണ നടപടികൾ നടപ്പിലാക്കൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

സ്ഥല പരിശോധനകളിലൂടെയും സുരക്ഷാ അവലോകനങ്ങളിലൂടെയും ദേശീയപാത അതോറിറ്റിയുടെ പ്രോജക്ട് ഇമ്പ്ലിമെന്റേഷൻ യൂണിറ്റുകളും (PIUs) പ്രോജക്ട് സൂപ്പർവിഷൻ ടീമുകളും ഇത്

കൃത്യമായി നിരീക്ഷിക്കുകയും പോരായ്മകൾ കണ്ടെത്തിയാൽ തിരുത്തൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

സുരക്ഷാ ക്രമീകരണങ്ങളിലെ പോരായ്മ സംബന്ധിച്ച് വ്യക്തമായ പരാതികൾ ലഭിച്ചാൽ അവ ബന്ധപ്പെട്ട അധികാരികൾ പരിശോധിക്കുകയും വീഴ്ചകൾ കണ്ടെത്തുന്നയിടങ്ങളിൽ പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ഡി) രാത്രികാലങ്ങളിൽ അപകടസാധ്യതയുള്ള ഭാഗങ്ങളിൽ സുരക്ഷാ വേലികൾ, ദിശാസൂചക ബോർഡുകൾ, റിഫ്ലക്ടീവ് ടേപ്പുകൾ, ബ്ലിങ്കിങ് ലൈറ്റുകൾ, വേഗനിയന്ത്രണ സംവിധാനങ്ങൾ എന്നിവ നിർബന്ധമായും സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട അധികൃതർക്ക് നിർദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

<u>മറുപടി:</u> ദേശീയപാതകളിലെ അപകടങ്ങൾ കുറയ്ക്കുന്നതിനായി സുപ്രീം കോടതി, സുവോ മോട്ടോ റിട്ട് പെറ്റീഷൻ(സി) നം. 9/2025 മേൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിലെ നിർദ്ദേശപ്രകാരം എല്ലാ ജില്ലകളിലും District Highways Safety Task Force കൾ രൂപികരിച്ച് അതത് ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവച്ചിട്ടുണ്ട്. ദേശീയപാതകളിലെ പ്രധാന പാത, പാതയോരം, വളവുകൾ, ജംഗ്ഷനുകൾ, പാലങ്ങൾ, ബസ് ബേകൾ തുടങ്ങിയ അപകടസാധ്യതയുള്ള സ്ഥലങ്ങളിലെ അനധികൃതവും അശാസ്ത്രീയവുമായ വാഹന പാർക്കിംഗ് അപകടസാധ്യത വർദ്ധിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സ്ഥലങ്ങളിൽ അനധികൃത പാർക്കിംഗ് തടയുന്നതിനായി പോലീസ് വകുപ്പ് പരിശോധനകളും എൻഫോഴ്സ്മെന്റ് നടപടികളും സ്വീകരിച്ചുവരുന്നു. ആവശ്യമായ സ്ഥലങ്ങളിൽ നോ പാർക്കിംഗ്/ നോ സ്റ്റോപ്പിംഗ് ബോർഡുകളും റോഡ് മാർക്കിംഗുകളും ഏർപ്പെടുത്തുന്നതിനും, വലിയ വാഹനങ്ങൾക്കായി നിശ്ചിത പാർക്കിംഗ്/ട്രക് ലേ-ബൈ സൗകര്യങ്ങൾ ഒരുക്കുന്നതിനും ബന്ധപ്പെട്ട റോഡ് ഉടമസ്ഥ ഏജൻസികളുമായി ഏകോപിച്ച് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ അനധികൃത പാർക്കിംഗ് കണ്ടെത്തുന്നതിനായി രാത്രികാല പട്രോളിംഗ് ശക്തമാക്കുകയും, ആവശ്യമായ പോലീസ്-മോട്ടോർ വാഹന വകുപ്പ് സംയുക്ത പരിശോധനകളും വാഹനങ്ങൾ നീക്കം ചെയ്യുന്നതിനുള്ള ടോവിംഗ് സംവിധാനവും ഏർപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

തൃശ്ശൂർ ജില്ലയിലെ കയ്പമംഗലം അപകടത്തിന്റെ പശ്ചാത്തലത്തിൽ 08.09.2026 തീയതിയിൽ സംസ്ഥാന പോലീസ് മേധാവി, ദേശീയപാത അതോറിറ്റി റീജിയണൽ ഓഫീസർ എന്നിവർ ഉൾപ്പെടെയുള്ളവരുടെ ഒരു ഉന്നതതല യോഗം വിളിച്ച് ചേർക്കുകയും ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി. എല്ലാ നിർമ്മാണ മേഖലകളിലും അപകട മുന്നറിയിപ്പ് നൽകുന്ന ബ്ലിങ്കറുകൾ സ്ഥാപിക്കണം, ഡൈവേർഷനുകളിൽ ആവശ്യത്തിന് വെളിച്ചം ഉറപ്പാക്കണം, ക്രാഷ് അറ്റെൻവേറ്ററുകളും ഫിസിക്കൽ ബാരിക്കേഡുകളും സ്ഥാപിക്കണം, വൈദ്യുതി ബന്ധത്തിനായി കാത്തുനിൽക്കാതെ പോർട്ടബിളും സോളാറിലും പ്രവർത്തിക്കുന്ന ലൈറ്റുകൾ സജ്ജമാക്കണം. ദേശീയപാതയിലെ ഷോൾഡറുകളിലും വെളിച്ചമില്ലാത്ത ഭാഗങ്ങളിലും അനധികൃതമായി പാർക്ക് ചെയ്യുന്ന ചരക്കുലോറികൾക്കെതിരെ പൊലീസും മോട്ടോർ വാഹന വകുപ്പും ചേർന്ന് പ്രത്യേക സംയുക്ത പരിശോധനകളും എൻഫോഴ്സ്മെന്റ് ഡ്രൈവുകളും ശക്തിപ്പെടുത്തണം. ശാസ്ത്രീയമായ രീതിയിൽ വേഗത ഘട്ടംഘട്ടമായി കൂട്ടുന്നതിനോ കുറയ്ക്കുന്നതിനോ ഉതകുന്ന രീതിയിൽ സൂചക ബോർഡുകൾ സ്ഥാപിച്ച് വാഹനങ്ങളുടെ വേഗത ക്രമീകരിക്കുന്നതിനും ദേശീയപാത അതോറിറ്റി അടിയന്തര നടപടികൾ സ്വീകരിക്കണം. ജില്ലാ കളക്ടർമാർ, ജില്ലാ പൊലീസ് മേധാവികൾ, ആർ.ടി.ഒ മാർ, ദേശീയപാത അതോറിറ്റി പ്രോജക്ട് ഡയറക്ടർമാർ എന്നിവരുടെ നേതൃത്വത്തിൽ അടിയന്തര യോഗങ്ങൾ ചേർന്ന് അപകട സാധ്യതയുള്ള സൈറ്റുകളിൽ സംയുക്ത പരിശോധനകൾ നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ച് അപകടസാധ്യത ഒഴിവാക്കണം. യാതൊരു

മുൻകരുതലുമില്ലാതെയുള്ള റോഡ് തിരിച്ചുവിടലുകൾ നിരോധിക്കുന്നു. പ്രാദേശിക ജനപ്രതിനിധികളെ മുൻകൂട്ടി വിശ്വാസത്തിലെടുത്തുകൊണ്ട് ഡൈവേർഷൻ പ്ലാനുകൾ ജില്ലാ കളക്ടർമാർ നേരിട്ട് പരിശോധിച്ച് വിഷയത്തിൽ തീരുമാനമെടുക്കണം.

(ഇ) പ്രസ്തുത മേഖലകളിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനായി സംസ്ഥാന സർക്കാർ, ദേശീയപാത അതോറിറ്റി, പോലീസ്, മോട്ടോർ വാഹന വകുപ്പ് എന്നിവരെ ഉൾപ്പെടുത്തി സംയുക്ത പരിശോധനയും നിരീക്ഷണ സംവിധാനവും ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ

ANNEXURE A

ദേശീയപാത നിർമ്മാണ മേഖലകളിൽ സുരക്ഷാ സംവിധാനങ്ങളുടെ അപര്യാപ്തത മൂലം ഉണ്ടായ അപകടങ്ങളുടെയും മരണങ്ങളുടെയും ജില്ലാ തിരിച്ചുള്ള കണക്കുകൾ
(01.01.2023 മുതൽ 24.10.2026 വരെ)

വർഷം	ജില്ല	അപകടങ്ങളുടെ എണ്ണം	അപകടത്തിൽ പെട്ടവരുടെ എണ്ണം			
			Death	Grievous Injury	Minor Injury	Total
2023	-	0	0	0	0	0
2024	ആലപ്പുഴ	3	0	1	1	2
2024	എറണാകുളം സിറ്റി	1	0	0	1	1
2025	ആലപ്പുഴ	2	1	1	0	2
2025	എറണാകുളം സിറ്റി	1	0	1	0	1
2026 (up to 24.10.2026)	കോഴിക്കോട് റൂറൽ	1	1	0	0	1